<u>"ഭരണഭാഷ-മാതൃഭാഷ"</u>

**കേരള പ്രിസൺസ് & കറക്ഷണൽ സർവ്വീസസ്**


ആസ്ഥാന കാര്യാലയം
ജയിൽ വകുപ്പ്, കേരളം
പൂജപ്പുര, തിരുവനന്തപുരം-12
:0471-2342532
:keralaprisons@gov.in


തീയതി : 13-01-2021

**<u>സർക്കുലർ നം 7/2021</u>**

ശിക്ഷണ നടപടികളുടെ ഭാഗമായി ജയിൽ നിയമങ്ങൾ തടവുകാരുടെ ഇൻ്റർവ്യൂ നിയന്ത്രിക്കാൻ ജയിൽ സൂപ്രണ്ടിന് അധികാരം നൽകിയിട്ടുണ്ട്. എന്നാൽ ഇത് അറിയാത്ത ബന്ധുക്കൾ തടവുകാരനെ ജയിലിൽ സന്ദർശിക്കാൻ ശ്രമിക്കുന്നത് ചില ആശയകുഴപ്പങ്ങൾക്കും പരാതികൾക്കും ഇടവരുത്തുന്നു. 11.08.2020 ലെ സർക്കുലർ നം. 69 അനുസരിച്ച് ജയിൽ വകുപ്പിൻ്റെ ഇ പ്രിസൺസ് സ്യൂട്ട് F എന്ന സോഫ്റ്റ് വെയറിൽ ഓൺ ലൈൻ ഇൻ്റർവ്യൂവിനും ഓൺ ലൈനിലൂടെ മുൻകൂട്ടി സമയം നിശ്ചയിച്ച് ഫിസിക്കൽ ഇൻ്റർവ്യൂവിനും സൌകര്യമുണ്ടെന്ന വിവരം എല്ലാ സ്ഥാപനങ്ങളിലും അറിയിച്ചിരുന്നു.

ജയിലുകളിലെ തടവുകാർക്ക് കൂടികാഴ്ചയ്ക്കായി ഇ പ്രിസൺസണിൻ്റെ സൌകര്യം ( ഇ - മുലാക്കാത് ) പ്രയോജനപ്പെടുത്തേണ്ടതാണ്. ഇതിനായി തടവുകാരുടെ ഇടയിൽ പ്രചരണം നടത്തേണ്ടതും ഇൻ്റർവ്യൂവിന് വരുന്ന ബന്ധുക്കൾക്ക് നോട്ടീസ് രൂപത്തിലോ പോസ്റ്റർ രൂപത്തിലോ ഇത് സംബന്ധിച്ച അറിയിപ്പ് നൽകേണ്ടതാണ്. ജയിൽ വകുപ്പിൻ്റെ വെബ് സൈറ്റിൽ ഇ - മുലാക്കാത്തിന് കുറിച്ചുള്ള ട്യൂട്ടോറിയൽ വീഡിയോ ലഭ്യമാണെന്ന വിവരം കൂടി അറിയിക്കേണ്ടതാണ്.

ഋഷി രാജ് സിംഗ് IPS
ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവീസസ്

സ്വീകർത്താവ്: ഡി.ഐ.ജി ഓഫ് പ്രിസൺസ്
ദക്ഷിണ മേഖല / മദ്ധ്യ മേഖല / ഉത്തര മേഖല
എല്ലാ ജയിൽ സ്ഥാപന മേധാവികൾക്കും

DIG(HQ)-1215/2021/PrHQ

9d7736